(ബി) സ്വീകരിക്കുന്നതാണ്.

(സി) കോട്ടയം എ.ആർ.എ.സി. തസ്തിക ഡി.സി.എ.ആർ. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ നിയമനം

80 [2568] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. ഇതിൽനിന്നും 468 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 134 ഒഴിവുകൾ നിലവിലുണ്ട്.

(സി) അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിനായുള്ള പ്രിലിമിനറി/ഫൈനൽ പരീക്ഷകൾ

81 [2569] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി. നടത്തിയ പ്രിലിമിനറി പരീക്ഷ എത്ര ഉദ്യോഗാർത്ഥികൾ എഴുതിയിട്ടുണ്ട്;

(ബി) പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(സി) ഫൈനൽ പരീക്ഷ എന്ന് നടത്തും എന്ന് വ്യക്തമാക്കാമോ;

(ഡി) ഫൈനൽ പരീക്ഷയ്ക്കുള്ള സിലിബസ് ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രിലിമിനറി പരീക്ഷ എഴുതിയവർക്ക് ഫൈനൽ പരീക്ഷ എഴുതുന്നതിനുവേണ്ട യോഗ്യത നേടുന്നതിനു നിശ്ചയിച്ച മിനിമം മാർക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

82 [2570] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/അഡ്വക്കേറ്റ് ജനറൽ/പി.എസ്.സി./ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പുകളിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല.

കോളേജ് അദ്ധ്യാപക നിയമനം

83 [2571] ശ്രീ. എ. എൻ. രാജൻബാബു:

„ ഷിബു ബേബി ജോൺ:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപക നിയമനം നിർത്തിവച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോളേജ് അദ്ധ്യാപക നിയമനത്തിനായി ഇപ്പോൾ പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്നത് 35 വയസ്സിന് താഴെയുള്ളവരുടേതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ നിലപാട് മൂലം സംസ്ഥാനത്ത് എം.എ., യു.ജി.സി., സെറ്റ് ഇവ പാസ്സായി യോഗ്യതയുള്ള പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ പോലും നൽകാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly